(സി) ഒന്നും നൽകിയിട്ടില്ല.

(ഡി) രണ്ട് കേസ്സുകളാണ് നിലവിലുള്ളത്.

തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികളുടെ അവസ്ഥ

127 (577) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗിക കമ്മീഷണിംഗ് 18-5-2010-ന് നടന്നു. അന്നുമുതൽ പ്രതിദിനം 37 ദശലക്ഷം ലിറ്റർ ശുദ്ധജലം അധികമായി തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമായി വിതരണം ചെയ്തുവരുന്നു. സ്ഥാപിതശേഷിയായ 74 ദശലക്ഷം ലിറ്റർ പ്രതിദിനം വിതരണം നടത്തുന്നതിലേക്കുള്ള നടപടികൾ പുരോഗമിക്കുന്നു. 42 കി.മീ. നീളമുള്ള ട്രാൻസ്മിഷൻ മെയിനിന്റെ ജോലികൾ മിക്കവാറും പൂർത്തിയാക്കികഴിഞ്ഞു. അരിസ്റ്റോ ജംഗ്ഷൻ മുതൽ പാർത്ഥാസ് വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കാത്തതിനാൽ ഈ സെക്ട്രച്ചിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല. സമയബന്ധിതമായി റോഡ് മുറിച്ച് പൈപ്പിടുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കാത്തതാണ് പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ 11 ശുദ്ധജല സംഭരണികൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കുന്നുണ്ട്. ഇവയിൽ നാല് എണ്ണം പൂർത്തിയായി, അഞ്ച് സംഭരണികളുടെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്. രണ്ട് സംഭരണികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) 31-7-2011-ൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടിവെള്ള പദ്ധതികൾ

128 (578) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2010-11 സാമ്പത്തിക വർഷത്തിൽ സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്; ഓരോ പദ്ധതിക്കുമുള്ള ബഡ്ജറ്റ് വിഹിതമെത്ര ;

(സി) മൊത്തം പദ്ധതികളുടെ അടങ്കൽ തുക ബഡ്ജറ്റ് വിഹിത ത്തേക്കാൾ കൂടുതലായിരുന്നോ; എങ്കിൽ ബാക്കിവരുന്ന തുക എങ്ങനെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിയിൽ കൊണ്ടോട്ടി-നെടിയിരിപ്പ് പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ള പദ്ധതിയും ഉൾപ്പെട്ടിരുന്നോ; എങ്കിൽ ഈ പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷത്തിൽ 5 ശുദ്ധജല വിതരണ പദ്ധതികൾ സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ താഴെ പറയുന്നവയാണ :

(1) എ.ആർ.ഡബ്ല്യൂ.എസ്.എസ്. ടു മണലൂർ കാരമുക്ക്-ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, (2) ബേലൂരും സമീപ വില്ലേജുകൾക്കുമായുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി, (3) കൊണ്ടോട്ടി-നെടിയിരിപ്പ് വില്ലേജുകൾക്കുള്ള ശുദ്ധജല വിതരണപദ്ധതി മെച്ചപ്പെടുത്തൽ, (4) മുന്നിയൂർ, തേഞ്ഞിപ്പലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുള്ള മെച്ചപ്പെടുത്തൽപദ്ധതി, (5) വെണ്ണിയൂർ പ്രദേശത്തിലേക്കുള്ള ശുദ്ധജല പദ്ധതിയുടെ മെച്ചപ്പെടുത്തൽ എന്നിവയാണ് ഇവ.

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക താഴെ പറയുന്നു.

(1) എ.ആർ.ഡബ്ല്യൂ.എസ്.എസ്. ടു മണലൂർ കാരമുക്ക്-ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ—541 ലക്ഷം.

(2) ബേലൂരും സമീപ വില്ലേജുകൾക്കുമായുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി—1700 ലക്ഷം.

(3) കൊണ്ടോട്ടി-നെടിയിരുപ്പ് വില്ലേജുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ—1300 ലക്ഷം.

(4) മുന്നിയൂർ, തേഞ്ഞിപ്പലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കുള്ള മെച്ചപ്പെടുത്തൽ പദ്ധതി—158 ലക്ഷം.

(5) വെണ്ണിയൂർ പ്രദേശത്തിലേക്കുള്ള ശുദ്ധജല പദ്ധതിയുടെ മെച്ചപ്പെടുത്തൽ—82.50 ലക്ഷം.

മേൽപ്പറഞ്ഞ 5 പദ്ധതികൾക്കുംകൂടി 2000 ലക്ഷം രൂപയാണ് നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം.

(സി) അതെ. രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് അധികമായി വേണ്ടിവരുന്ന തുക വരുംവർഷത്തിൽ വകയിരുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) അതെ. ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly